# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4503

## 18-05-2017 ൽ മറുപടിക്ക്

## കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണം

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) നിക്ഷേപത്തെ അടിസ്ഥാനമാക്കിയാണോ ഈ വർഷത്തെ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണം വിഭാവനം ചെയ്തിട്ടുള്ളത്; എങ്കിൽ ഏകദേശം എത്ര രൂപയുടെ നിക്ഷേപമാണ് ഈ വർഷത്തെ പദ്ധതി നിർവ്വഹണത്തിനായി പ്രതീക്ഷിക്കുന്നത്; | കിഫ്ബി നിധിയിൽ ലഭ്യമായ നിക്ഷേപത്തെ അടിസ്ഥാനപ്പെടുത്തിയല്ല കിഫ്ബിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തുന്ന പദ്ധതികളുടെ ചെലവ് വിഭാവനം ചെയ്തിട്ടുള്ളത്. 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് സ്ഥലമേറ്റെടുപ്പലിനാവശ്യമായ തുകയുൾപ്പെടെ 20,000 കോടി രൂപയുടെ പദ്ധതികളും 2017-18 ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് 25,000 കോടി രൂപയുടെ പദ്ധതികളുമാണ് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പദ്ധതികളിൽ കിഫ് ബോർഡിന്റെ 27ാമതും, 28 ാമതും ബോർഡ് യോഗങ്ങൾ 8.8.2016 ലെ സ.ഉ. (കൈ) നം. 315/16/ധന ഉത്തരവു പ്രകാരം യോഗ്യമായ 12,063.73 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾ ബോർഡ് പുന:സംഘടിപ്പിച്ചതിനു ശേഷം അംഗീകരിച്ചിട്ടുണ്ട്. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ നടത്തിപ്പിനുള്ള ആദ്യ ഗഡു ധനസഹായം നൽകാൻ കിഫ്ബിയിൽ ഇതുവരെ ലഭ്യമായിട്ടുള്ള ആകെ തുകയായ 3227.94 കോടി രൂപ പര്യാപ്തമാണ്. കിഫ്ബിയിലുൾപ്പെടുത്തിയ പദ്ധതികളുടെ നടത്തിപ്പിനായി ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരമുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ പാലിച്ചുകൊണ്ട് ആവശ്യാനുസരണം കിഫ്ബി ധനസമാഹരണം നടത്തുന്നതാണ്. |

| | |
|---|---|
| (ബി) നാളിതുവരെ കിഫ്ബിയിലേക്ക് യാതൊരു തുകയും നിക്ഷേപമായി ലഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഈ വർഷത്തെ കിഫ്ബി പ്രകാരം വിഭാവനം ചെയ്ത പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; | 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി, കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും, പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. കിഫ്ബി പദ്ധതികളുടെ ആദ്യ പാദ ചെലവുകൾക്ക് മേൽ പ്രതിപാദിച്ചിട്ടുള്ള വിഹിതം പര്യാപ്തമാണ്. ഇതിനു പുറമെ ആവശ്യമായി വരുന്ന തുകയനുസരിച്ച് നിക്ഷേപ സമാഹരണം നടത്തുന്നതാണ്. |
| (സി) കിഫ്ബിയിൽ നിക്ഷേപമായി ഈ വർഷം എന്ത് തുക സമാഹരിക്കാൻ കഴിയും; ഈ തുക ഏത് തീയതിയിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | കിഫ്ബിയിലൂടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി ബഡ്ജറ്റിനു പുറമെ നിന്നും പണം കണ്ടെത്തുന്നതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ യുമായി ചേർന്ന് സർക്കാർ എൻ.ആർ.ഐ ചിട്ടി ആരംഭിക്കുന്നതിനും, ലാന്റ് ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും സർക്കാർ ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയും പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള സെസ് തുകയും കിഫ്ബി നിധിയിലേക്ക് ഈ വർഷവും ലഭ്യമാകുന്നതാണ്. കൂടാതെ പദ്ധതി നടത്തിപ്പിന് ആധികമായി ആവശ്യം വരുന്ന തുക ഭേദഗതി ചെയ്ത കിഫ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള അനുയോജ്യമായ ധനസമാഹരണ മാർഗ്ഗങ്ങൾ വഴി സമാഹരിക്കുന്നതാണ്. നിലവിൽ കിഫ്ബിയിൽ ലഭ്യമായ തുകയ്ക്കു പുറമെ പദ്ധതി നിർവ്വഹണ പുരോഗതിയനുസരിച്ച് ആവശ്യമായി വരുന്ന മുഴുവൻ തുകയും ടി മാർഗ്ഗേണ സമാഹരിക്കാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**